http://theendtimenews.com/



## പാസ്റ്റർ ഡേവിഡ് യോംഗിചോ അന്തരിച്ചു

തുടർച്ച 05 പേജിൽ

CHRISTIAN NEWS SEPTEMBER 2021

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് - കോൾ

Volume 04 Issue No:44 Pages:15 Reg: TVM/1717/2014, Established:USA, Published from:India

# ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായി യുഎസ് ജനപ്രതിനിധി



## ക്രൈസ്തവ വിശ്വാസിയെ താലിബാൻ ഭീകരർ ജീവനോടെ തൊലിയിരിഞ്ഞു

**വാഷിംഗ്ടൺ:** താലിബാൻ ഭീകരർ സൃഷ്ടിച്ച കടുത്ത അരക്ഷിതാവസ്ഥയ്ക്കിടെ അഫ്ഗാനിസ്ഥാനിൽ അതിക്രൂരമായ ക്രിസ്തീയ വിരുദ്ധ പീഢനം നടന്നുവെന്ന വെളിപ്പെടുത്തലുമായി നോർത്ത് കരോളിനയിൽ നിന്നുള്ള മുൻ യുഎസ് ജനപ്രതിനിധിയും വചനപ്രഘോഷകനുമായ മാർക്ക് വാക്കർ. അമേരിക്കൻ റേഡിയോ അവതാരകൻ ടോഡ് സ്റ്റാർണസിന് നൽകിയ അഭിമുഖത്തിലാണ് താലിബാൻ, ക്രൈസ്തവ വിശ്വാസിയെ ജീവനോടെ തൊലിയുരിഞ്ഞ് തൂണിൽ തൂക്കിയെന്ന് മാർക്ക് വാക്കർ വെളിപ്പെടുത്തിയിരിക്കുന്നത്. അഫ്ഗാനിസ്ഥാനിലെ സ്ഥിതിഗതികളെ ഭയാനകം എന്ന് വിശേഷിപ്പിച്ച് മാർക്ക് വാക്കർ.

വാർത്ത 07 പേജിൽ

## തലകീഴായ കുരിശും സാത്താൻ സ്തുതിയും; എബിസി ടിവിയുടെ പ്രക്ഷേപണം വിവാദത്തിൽ




സിഡ്നി: വാർത്താ അവതരണത്തിനിടെ തലകീഴായ കുരിശും കറുത്ത വസ്ത്രവും ധരിച്ചു സാത്താൻ സേവകർ നടത്തുന്ന ബ്ലാക്ക് മാസിന്റെ ദൃശ്യങ്ങൾ പ്രക്ഷേപണം ചെയ്ത് വിവാദത്തിൽ. ഓസ്ട്രേലിയൻ ബ്രോഡ്കാസ്റ്റിംഗ് കോർപറേഷൻ എന്ന പേരിൽ അറിയപ്പെടുന്ന എബിസി ടിവിയിലാണ് ഇത് സംഭവിച്ചത്. അബദ്ധത്തിൽ സംഭവിച്ചതാണെന്നാണ് ചാനലിന്റെ വിശദീകരണം. ക്വീൻസ്ലാന്റിലെ പോലീസ് മൃഗങ്ങളെ ഉപദ്രവിക്കുന്നത്

വാർത്ത 07 പേജിൽ

## 18 മാസങ്ങൾക്കുള്ളിൽ യുഎസിൽ ആക്രമിക്കപ്പെട്ടത് 95 ക്രൈസ്തവ ദേവാലയങ്ങൾ

വാഷിംഗ്ടൺ: കഴിഞ്ഞ വർഷം മെയ് മാസം മുതലുള്ള 18 മാസങ്ങൾക്കുള്ളിൽ 95 ക്രിസ്ത്യൻ ദേവാലയങ്ങൾക്ക് നേരെ



ആക്രമണം നേരിടേണ്ടി വന്നിട്ടുണ്ടെന്ന വെളിപ്പെടുത്തലുമായി അമേരിക്കൻ മെത്രാൻ സമിതിയുടെ

വാർത്ത 07 പേജിൽ

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ



editorial



EDITORIAL BOARD

CHIEF EDITOR
Baiju Yacob Edavila

SUB EDITOR
Manuel Joseph
Jiji Babu

EDITORS
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

MANAGER
Bovas Sreekaryam

CO-ORDINATORS
John Francis (Dallas)
Syam
Sis.Saritha

REPORTERS
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

ADVISORY BOARD
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# എന്റെ ദൈവം എങ്ങനെയോ അങ്ങനെ ഞാനും.

യേശുവിന്റെ ദൈവത്വത്തെയും ബൈബിളിന്റെ ദൈവനിവേധിതത്വത്തെയും വികലമായി ചിത്രീകരിക്കുകയും യാഥാർത്ഥ്യം നിഷേധിക്കുകയും ചെയ്യുന്ന ചില മത മൗലികവാദികളും ദാവാ പ്രവർത്തകരും പ്രചരിപ്പിക്കുന്ന വസ്തുതകളെ താരതമ്യം ചെയ്യുമ്പോൾ വെളിവാകുന്ന പൊള്ളത്തരങ്ങളിൽ ചിലത്.

| ക്രിസ്തുമതം | ഇസ്ലാംമതം |
|---|---|
| 1.ദൈവം ത്രീയേകനെന്ന അടിസ്ഥാന വിശ്വാസം. | 1. അള്ളാഹു മാത്രമാണ് ഏക ദൈവം |
| 2.ദൈവം അരൂപിയാണ്. | 2. അള്ളാഹു ശരീരത്തോടെ സ്വർഗ്ഗ ത്തിൽ വസിക്കുന്നു. |
| 3.ദൈവം സ്വയം വെളിപ്പെടുത്തുന്നു. | 3. അള്ളാഹു ആർക്കും വെളിപ്പെടുന്നവനല്ല. |
| 4.ദൈവം തന്റെ വിശ്വാസികൾക്കായിതെളിവുകളോടെ സാക്ഷ്യം പറയുന്നു. | 4. അള്ളാഹു തെളിവു ചോദിക്കുന്നവനെ വഴി പിഴപ്പിക്കുന്നു. |
| 5.ഭൂമിയിലെ സർവ്വ മനുഷ്യനെയും സ്നേഹിക്കുന്നു. | 5. അള്ളാഹു മുസ്ലീമുകളെ മാത്രം സ്നേഹിക്കുന്നു. |
| 6.ബൈബിൾ വചനങ്ങളിലെ ദൈവ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ വളർച്ച. | 6. ഭീഷണി, അധിനിവേശം, രക്തചൊരിച്ചിൽ മൂലമുള്ളവളർച്ച. |
| 7. ആരാധന സത്യത്തിലും ആത്മാവിലും. | 7. വിഗ്രഹാരാധന.(മക്കയിലെ കല്ല്) |
| 8.സർവ്വ ജനത്തിന്റെയും പാപവിമോചനത്തിനായി ക്രൂശിൽ ഏൽപ്പിച്ച ദൈവം. | 8. തന്റെ ഭക്തന്മാരെ മാത്രം അനുഗ്രഹിക്കുകയും ഇതര മതക്കാരെ നിഗ്രഹിക്കാൻ ആഹ്വാനം നൽകുന്ന ദൈവം. |

യേശു സ്നേഹത്തിന്റെയും ക്ഷമയുടെയും ത്യാഗത്തിന്റെയും കരുതലിന്റെയും കാരുണ്യത്തിന്റെയും മൂല്യം പേറുന്ന പഠിപ്പീരുകൾ മനുഷ്യരാശിക്ക് നൽകിയതിന് ഘടക വിരുദ്ധമായ ആയത്തുകൾ ഒരു ജനതയ്ക്ക് മുഹമ്മദ് എന്ന അന്ത്യ പ്രവാചകനിലൂടെ അള്ളാഹു നൽകി എന്ന വ്യാജം കെട്ടിച്ചമച്ച് ലോകമെമ്പാടും അറബി ഭാഷയിൽ മാത്രം ഉണ്ടായിരുന്ന ഖുറാൻ വിവിധ ഭാഷകളിൽ തർജ്ജിമ ചെയ്യപ്പെട്ടതോടെ അന്തസത്ത സാധാരണ ജനത തിരിച്ചറിഞ്ഞതോടെ ഇസ്ലാം മതം മറ്റൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വലിയ പ്രതിസന്ധിയിൽ ആയിരിക്കുന്നു.



ബൈജു യാക്കോബ്
ഇടവിള

Disclaimer

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




പാസ്റ്റർ ഷിബു തോമസ്,
ഒക്കലഹോമ.



# “മോശ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു”

“മോശ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു” സംഖ്യ. 27:5)

**ദൈ**നംദിനം വലിയ ഒരു സമൂഹത്തിന്റെ ആവലാതികളും, ആവശ്യങ്ങളും 80 ലേറെ വയസ്സ് പ്രായമുള്ള മോശയ്ക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. ശാരീരിക, മാനസിക, സാമൂഹിക പ്രശ്നങ്ങളുമായി ലക്ഷോപലക്ഷങ്ങളുടെ ഒരു സംഘം കണ്ണെത്താത്ത ദൂരത്ത് നീണ്ട നിരപോലെ മോശയുടെ കൂടാര വാതിൽക്കൽ തടിച്ചുകൂടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ശ്രമിച്ചിട്ടും തീർപ്പു കൽപ്പിക്കാൻ കഴിയാതെ കുന്നുകൂടുന്ന പരിഭവത്തിന്റെയും, പരാതികളുടെയും ഭാണ്ഡങ്ങൾ. മാനുഷിക ബുദ്ധിയിൽ കല്പിച്ച ഉത്തരവുകളും, വിലക്കുകളും താഴികകൾക്കുള്ളിൽ തകരപ്പെടുന്നു. മറുപടികൾ അപൂർണ്ണമാകയാൽ സംശയത്തിന്റെയും ചോദ്യങ്ങളുടെയും കൂർത്തുമൂർത്ത ശരങ്ങൾ എവിടെയും. മനസ്സും ശരീരവും തളർന്ന മോശ ഉന്നതനായ ദൈവത്തിന്റെ മുമ്പാകെ തന്റെ മുമ്പിൽ നിരന്ന വിഷയങ്ങൾ നിരത്തിവച്ചു. ഞാനാകുന്നവൻ ഞാനാകുന്നു എന്നു പറഞ്ഞ് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി അത്ഭുതങ്ങളാലും അടയാളങ്ങളാലും വീര്യപ്രവൃത്തികളാൽ തന്റെ വചനം ഉറപ്പിച്ചു തന്ന സർവ്വശക്തനായവന്റെ പക്കൽ സകലത്തിനും പരിഹാരം ഉണ്ട് എന്ന് മോശ തിരിച്ചറിഞ്ഞു. ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനുമായ ദൈവസന്നിധിയിൽ ഒരു നന്മയും കുറവില്ല, ഒന്നിനും ഉത്തരം മുട്ടിപ്പോകയില്ല. ദൈവസന്നിധിയിൽ നിന്ന് പ്രശ്നപരിഹാരം ഏറ്റുവാങ്ങിയ മോശ എന്ന ഭക്തൻ നൂറുനൂറായിരം ജനത്തിന്റെ നടുവിൽ തല ഉയർത്തി നടന്നു. ഞാനും നിങ്ങളും വ്യത്യസ്തരല്ല - നൂറു നൊമ്പരങ്ങളും, ആർക്കും പരിഹരിക്കാനാവാത്ത അനവധി പ്രശ്നങ്ങളും മറ്റുള്ളവരുടെ ഭാരങ്ങളും നെഞ്ചിലും തലയിലും പേറി ജീവിതയാത്ര ഇഴഞ്ഞിഴഞ്ഞ് മുന്നോട്ട് കൊണ്ടുപോകുന്നു. വിധിയാണ് എന്ന് പറഞ്ഞ് സ്വയം ശപിച്ചും, പരിഹാരം ലഭിക്കത്തില്ല എന്ന ചിന്തയാൽ നിരാശപ്പെട്ടും തലകുമ്പിട്ടുമിരിക്കുന്നു. എനിക്കൊറ്റയ്ക്കു താങ്ങുവാൻ പ്രാപ്തിയില്ല എന്നു പറഞ്ഞ അധരം കൊണ്ടു തന്നെ ഉറക്കെ വിളിച്ചു പറയുക - കർത്താവ് എന്നെ സഹായിക്കും. ഞാൻ അമ്പരന്നു പോകയില്ല.” ദൈവപൈതലേ ഭയപ്പെടേണ്ട യഹോവ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചുനോക്കണ്ട അവിടുന്ന് നിന്റെ ദൈവമാകുന്നു - നീ കാര്യങ്ങളുമായി ദൈവസന്നിധിയിൽ ചെല്ലുക, അവനായി കാത്തിരിക്കുക. യഹോവയ്ക്കായി കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. “നിന്റെ ഭാരം എന്റെമേൽ വച്ചുകൊൾക - ഞാൻ നിന്നെ പുലർത്തും” എന്നരുളി ചെയ്തവന്റെ കരസ്പർശം ഓരോ ദിവസവും തിരിച്ചറിയുക.

ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനുമായ ദൈവസന്നിധിയിൽ ഒരു നന്മയും കുറവില്ല, ഒന്നിനും ഉത്തരം മുട്ടിപ്പോകയില്ല. ദൈവസന്നിധിയിൽ നിന്ന് പ്രശ്നപരിഹാരം ഏറ്റുവാങ്ങിയ മോശ എന്ന ഭക്തൻ നൂറുനൂറായിരം ജനത്തിന്റെ നടുവിൽ തല ഉയർത്തി നടന്നു.

പ്രാർത്ഥന:

സർവ്വശക്തനായ ദൈവമേ, എന്റെ കാര്യങ്ങളെ തിരുസന്നിധിയിൽ തരുന്നു, തൃക്കരം നീട്ടി എന്നെ താങ്ങേണമേ. ആമേൻ

# പാസ്റ്റർ ഡേവിഡ് യോംഗിചോ അന്തരിച്ചു



ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ സഭയുടെ സ്ഥാപകൻ സീനിയർ പാസ്റ്റർ ഡേവിഡ് യോംഗി ചോ അന്തരിച്ചു അദ്ദേഹത്തിന് 86 വയസ്സ് ഉണ്ടായിരുന്നു. സിയോളിലെ ജോങ്നോ-ഡോംഗിലെ സിയോൾ നാഷണൽ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ഇന്ന് രാവിലെ 7:13 നാണ് അന്തരിച്ചത്. കഴിഞ്ഞ വർഷം ജൂലൈയിൽ പാസ്റ്റർ ചോയ്ക്ക് മസ്തിഷ്ക രക്തസ്രാവം സംഭവിക്കയും ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയും ചെയ്തു.ഈ വർഷം തല്ലെയാണ് ചോയുടെ ഭാര്യ ഡോ. സങ്ഹേ മരണമടഞ്ഞത്.

1936 ഫെബ്രുവരി 14 ന് ഉൽജു-ഗണിൽ ജനിച്ച ചോ യൗവനാരംഭത്തിൽ ക്ഷയരോഗ ബാധിതനായി മരണക്കിടക്കയിൽ ആയിരുന്നു.മരണാസന്നനായ ചോയോട് ഒരു പെൺകുട്ടി സുവിശേഷം പങ്കുവെച്ചതും പ്രവർത്തിച്ചതും വഴിത്തിരിവായി. 1958 അമ്മായിയമ്മയുടെ സഹായത്തോടെ സിയോളിലെ യൂൻപിയോംഗ്-ഗുയിലെ ഡീജോ-ഡോംഗിൽ സൈനീകർ ഉപേക്ഷിച്ച പഴയ ടെന്റിൽ ഒരു കൂട്ടായ്മ ആരംഭിച്ചു.ലോകത്തിലെ ഏറ്റവും വലിയ ലോക്കൽ സഭയുടെ യോയിഡോ ഫുൾ ഗോസ്പൽ ചർച്ചിന്റെ തുടക്കമായിരുന്നു അത്.

കൊറിയൻ സഭയുടെ പുനരുജ്ജീവനത്തിനും ആഗോള സഭയുടെ വളർച്ചയ്ക്കും നേതൃത്വം നൽകി പ്രൊട്ടസ്റ്റന്റ് ദൗത്യങ്ങളുടെ ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് ചോ.700,000 ത്തിലധികം അംഗങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ പള്ളി ആയി ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡിലും ഇടംപിടിച്ചിട്ടുണ്ട്.

18 ന് രാവിലെ 8 മണിക്ക് യോയിഡോ ഫുൾ ഗോസ്പൽ

07 –ാം പേജ് തുടർച്ച

HARVESTING SOULS MISSION
WITH GOD ALL THINGS ARE POSSIBLE
Harvesting souls mission.inc
Non profit organization Reg:- USA &INDIA









# വിശുദ്ധി നഷ്ടപ്പെട്ട കാലം




പാസ്റ്റർ ബി മോനച്ചൻ

മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. അവർക്ക് പുത്രന്മാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്ന് കണ്ടിട്ട് തങ്ങൾക്ക് ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു. (ഉല്പ6:2) ഇവിടെ ദൈവത്തിന്റെ പുത്രന്മാർ ആരെന്നതിൽ തർക്കവിതർക്കങ്ങൾ ഉണ്ടാകാറുണ്ട്. ചിലർ അത് ദൂതന്മാരാണെന്നും, മറ്റു ചിലർ അത് വിശുദ്ധരായ മനുഷ്യർ തന്നെയാണെന്നും വ്യാഖാനിക്കുന്നു. ഈ പുസ്തക രചനയുടെ ലക്ഷ്യം വേദശാസ്ത്ര തർക്ക വിഷയങ്ങളുടെ വിശകലനം അല്ലാത്തതിനാൽ അവയിലേക്ക് കടക്കുന്നില്ല. വിശുദ്ധി നഷ്ടപ്പെട്ട കാലം എന്ന ശീർഷകത്തിൽ ചില കാര്യങ്ങൾ ദൈവമക്കളെ ബോധ്യപ്പെടുത്തുവാൻ മാത്രം ശ്രമിക്കുന്നു.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് പറഞ്ഞു. അന്ത്യകാലത്ത് അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുക്കും(മത്തായി24:12) എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?(ലൂക്കോസ്18:8). ഇതെത്ര സത്യമാണെന്ന് ഇന്നത്തെ ആത്മീയമണ്ഡലത്തിന്റെ നില നോക്കിയാൽ ബോധ്യമാകും. വെളിപ്പാട് പുസ്തകത്തിൽ ആദ്യ സഭയായ എഫസോസ് സഭയോട് ദൂതു പറയുമ്പോൾ കർത്താവ് പറയുന്നു. എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്. (വെളിപ്പാട്2:4) എഫസോസ് എന്ന വാക്കിന്റെ അർത്ഥം തന്നെ ആഗ്രഹിക്കപ്പെട്ടവർ എന്നാണ്. വെളിപ്പാട് രണ്ടാം അദ്ധ്യായം ഒന്നു മുതൽ ശ്രദ്ധിച്ചു പഠിച്ചാൽ സുവിശേഷാത്മാവുള്ള സഭ , കൊള്ളരുതാത്തവരെ സഹിച്ചു കൂടാത്ത സഭ, കള്ള അപ്പോസ്തലന്മാരെപ്പോലും വേർതിരിച്ചറിയുവാൻ വിവേചനാത്മാവുള്ള സഭ, സഹിഷ്ണുതയുള്ള സഭ, കഷ്ടം സഹിക്കുന്ന സഭ, ഐക്യതയുള്ള സഭ, ആരാധനയും പ്രാർത്ഥനയുമുള്ള സഭ എന്നിങ്ങനെ അനവധി വിശിഷ്ട ഗുണങ്ങളുടെ നിറകുടമായ എഫസോസ് സഭ കാലാന്തരത്തിൽ ലോകത്തോടു കൈകൊടുത്ത് അയവുള്ള സഭയായി, ആദ്യ സ്നേഹം നഷ്ടപ്പെട്ടവളായി തീർന്ന ദയനീയ കാഴ്ച കാണാം.

ഒന്നാം നൂറ്റാണ്ടിലെ സഭ സുവിശേഷ തീഷ്ണതയുള്ള സഭയായിരുന്നു. എങ്ങനെയും സുവിശേഷം അറിയിക്കണമെന്ന് അഭിവാഞ്ചയുള്ളവരായിരുന്നു. ദൈവസ്നേഹത്താൽ നിറയപ്പെട്ട അവരുടെ മുൻപിൽ ലോകത്തിന്റെ ഭീഷണികൾ വിലപ്പോയില്ല. ഈ നാമത്തിൽ ഇനിയും സംസാരിക്കരുത് എന്ന താക്കീത് ലഭിച്ചിട്ടും, ദൈവത്തെക്കാൾ മനുഷ്യരെ അനുസരിക്കുന്നത് വിഹിതമല്ല എന്നറിഞ്ഞ അവർ തങ്ങൾ കണ്ടും കേട്ടുമുള്ളത് പ്രസ്താവിക്കാതിരിപ്പാൻ കഴിയില്ല എന്നു വിളിച്ചു പറഞ്ഞു. ഈ നാമത്തിൽ ഇനിയും സംസാരിക്കരുത് എന്ന് അമർച്ചയായി കൽപ്പിച്ചുവല്ലോ. നിങ്ങളോ നിങ്ങളുടെ ഉപദേശം കൊണ്ട് ഈ പട്ടണത്തെ നിറച്ചിരിക്കുന്നു എന്ന് എതിരാളികൾ തന്നെ അവരെക്കുറിച്ച് സാക്ഷ്യം പറഞ്ഞു. (അപ്പോ.പ്രവൃ 5:28) മുട്ടുള്ളവർ ആരും അവരുടെ ഇടയിൽ ഇല്ലാതിരിക്കത്തക്കവണ്ണം അവർ കരുതുന്ന സഭയായിരുന്നു.(അപ്പോ.പ്രവൃ4:34) അവരുടെ സുഭിക്ഷം മറ്റുള്ളവരുടെ ദുർഭിക്ഷത്തിന് ഉതകി. കൊള്ളരുതാത്തവരെ നിഷ്കരുണം അവർ പുറത്താക്കി. കള്ള അപ്പോസ്തലന്മാരെ അവർ വേഗത്തിൽ തിരിച്ചറിഞ്ഞു. കഷ്ടതയെന്ന കഠിന ശോധനയിലും അവർ വിശ്വാസം കാത്തു. എന്നാൽ കാലക്രമത്തിൽ അവരുടെ സ്നേഹം ഉതിർന്നു പോയി. ആദിമ വിശ്വാസവും ഭക്തിയും നഷ്ടപ്പെട്ട ആദിമസഭയ്ക്ക് നേരിട്ട ഗുരുതരമായ 10 വീഴ്ചകൾ ദൈവവചനം വെളിപ്പെടുത്തിയിരിക്കുന്നു. വിസ്താരഭയത്താൽ



> ഒന്നാം നൂറ്റാണ്ടിലെ സഭ സുവിശേഷ തീഷ്ണതയുള്ള സഭയായിരുന്നു. എങ്ങനെയും സുവിശേഷം അറിയിക്കണമെന്ന് അഭിവാഞ്ചയുള്ളവരായിരുന്നു. ദൈവസ്നേഹത്താൽ നിറയപ്പെട്ട അവരുടെ മുൻപിൽ ലോകത്തിന്റെ ഭീഷണികൾ വിലപ്പോയില്ല.

തുടർച്ച 06പേജിൽ



അവ വിവരിക്കാതെ വിഷയം മാത്രം കുറിക്കാം. 1. അവിശ്വസ്തത(അപ്പോ.പ്രവൃ5:1-11)2. പിറുപിറുപ്പ്(അപ്പോ.പ്രവൃ6:1) 3.വാദവും തർക്കവും(അപ്പോ.പ്രവൃ15:2) 4. ഉപദേശത്തിൽ അയവ്(അപ്പോ.പ്രവൃ21:24) 5.ഐക്യതക്കുറവ്(1കൊരി1:12)) 6. ദുർനടപ്പ്(1കൊരി5:9-13) 7. വിഗ്രഹാർപ്പിത ഭക്ഷണം(1കൊരി5:9-13) 8. സ്നേഹക്കുറവ്(1കൊരി13:1) 9. ക്രമപരിപാലന അശ്രദ്ധ(1കൊരി14:32,33) 10. കോടതികയറ്റം(1കൊരി6:1).

ഇവയോരോന്നും വിവരിക്കേണ്ടതാണെങ്കിലും ആധുനിക പെന്തക്കോസ്തു സഭകൾക്ക് നേരിട്ടിരിക്കുന്ന അപചയവും ഇതൊക്കെ തന്നെയാണെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കുകമാത്രം ചെയ്യട്ടെ. പെന്തക്കോസ്തു സഭയുടെ ആരംഭകാലങ്ങളിൽ അന്നത്തെ ദൈവമക്കൾക്ക് തമ്മിൽതമ്മിലുണ്ടായിരുന്ന സ്നേഹവും, ആദരവും, കരുതുവാനുള്ള വരവും ഇന്ന് നമ്മിൽ എത്രപേർക്കുണ്ടെന്ന് ശോധന ചെയ്യുന്നതു കൊള്ളാം. അന്ന് ഒരു ദൈവപൈതലിനെ കാണുന്നതു എത്ര സന്തോഷകരമായ അവസ്ഥയായിരുന്നു. ഇന്ന് കഴിവുള്ളടത്തോളം തമ്മിൽ കാണാതെ ഒഴിഞ്ഞു മാറിപ്പോകുവാനല്ലേ പലരും ശ്രമിക്കുന്നത്. അന്ന് കൂട്ടായ്മയിലെ സഹോദരന്റെയും സഹോദരിയുടെയും വിഷയം സ്വന്തം വിഷയമായി കണ്ട് അത് പരിഹരിക്കുവോലം മുട്ടിന്മേൽ നിന്നിരുന്നുവെങ്കിൽ ഇന്ന് സ്വന്തം കാര്യം മാത്രം നോക്കുന്നവരായി നാം തീർന്നില്ലേ? അന്ന് ദൈവമക്കൾ തമ്മിൽ കാണുമ്പോൾ ഉള്ള ആലിംഗനവും, ആശ്ലേഷവും, വികാരവായ്പും ഇന്ന് എങ്ങോ പോയ്മറഞ്ഞില്ലേ? ഉപദേശവിഷയത്തിലും ഇന്ന് അയവുകൾ വന്നില്ലേ? സഹോദരൻ സഹോദരനെതിരെ വ്യവഹരിക്കുന്നു. കോടതികയറ്റം നിത്യസംഭവമായി മാറിയിരിക്കുന്നു.

കള്ള അപ്പോസ്തലന്മാരെയും, ദുരുപദേഷ്ടാക്കന്മാരെയും തിരിച്ചറിയുവാനുള്ള വിവേചനവരം സഭ നഷ്ടപ്പെടുത്തിക്കളഞ്ഞില്ലേ? ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കുവാൻ ത്രാണിയുല്ല എത്ര പേർ ഇന്ന് ദൈവസഭയ്ക്കുണ്ട്. പലതരം ഉപദേശങ്ങളാൽ സഭകൾ മാരിമറിയപ്പെട്ടുകൊണ്ടിരിക്കുവല്ലേ? കൊള്ളരുതാത്തവർക്കെതിരെ നടപടി എടുക്കുവാനുള്ള ചങ്കൂറ്റം ഇന്നത്തെ സഭകൾക്കുണ്ടോ? ഇവയെല്ലാം വിരൽ ചൂണ്ടിന്നത് ദൈവസഭയുടെ വിശുദ്ധിനഷ്ടപ്പെട്ട കാലമാണിതെന്നല്ലേ?



നീ ഏതിൽനിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക എന്ന എഫസോസ് സഭയോടുള്ള ദൂത് തന്നെയാണ് ആധുനിക പെന്തക്കോസ്തു സഭകളോടും ദൈവാത്മാവിന് പറയാനുള്ളത്. ആ ദൂതിലെ മൂന്ന് പദങ്ങൾ ശ്രദ്ധിക്കുക:(1)ഓർക്കുക (2) മാനസാന്തരപ്പെടുക (3)ആവർത്തിക്കുക. കഴിഞ്ഞ കാലങ്ങളിൽ നടന്ന ദൈവപ്രവൃത്തി ഓർക്കുക. അത് ഇന്ന് എന്തുകൊണ്ട് നടക്കുന്നില്ലായെന്ന് ചിന്തിക്കുക. ഏതിൽ നിന്നു വീണു എന്നോർത്ത് മാനസാന്തരപ്പെടുക. ആദ്യത്തെ പ്രവൃത്തികൾ ആവർത്തിക്കുക.

അതെ സഹോദരങ്ങളെ, നാം നോഹയുടെ കാലം പോലൊരു കാലത്ത് വന്നെത്തിയിരിക്കുന്നു. പരസ്പര സ്നേഹവും വിശ്വാസവും നഷ്ടപ്പെടുത്തിയിട്ട് മഹായോഗങ്ങൾക്കും, ശുദ്ധീകരണകൂട്ടായ്മകൾക്കും, സ്നേഹവിരുന്നിനും ഒരു കുറവും ഇല്ലാത്ത കാലം, പരസ്പരം നോക്കുവാനും സംസാരിക്കുവാനും മനസ്സില്ലാത്തവർ മാറിയും തിരിഞ്ഞും കർതൃമേശ നടത്തുന്നു. പരസ്പരം ക്ഷമിക്കാൻ മനസില്ലാത്തവരുടെ ഈ കൂട്ടായ്മ കാണുന്ന നിങ്ങളുടെ ഉള്ളിൽ വേദന തോന്നുന്നുണ്ടോ? ഭാരപ്പെടേണ്ടതില്ല. സഭ ശീതവാനുമല്ല, ഉഷ്ണവാനുമല്ല എന്ന അവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഈ ലവോദിക്യ കാലഘട്ടത്തിൽ പരമാർത്ഥികളോട് ദൈവത്തിന് ഒരു സന്ദേശം അറിയിപ്പാൻ ഉണ്ട്. നിങ്ങൾക്കറിയാമോ, വെളിപ്പാട് പുസ്തകത്തിൽ ദൂത് ആരംഭിക്കുന്നത് പൊതുസഭയോടാണ്. ഇന്ന സഭയുടെ ദൂതന് എഴുതുക എന്നു പറഞ്ഞ് ആരംഭിക്കുന്നു. എന്നാൽ ദൂത് അവസാനിക്കുന്നത് വ്യക്തിപരമായിട്ടാണ്. വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ( വെളിപ്പാട് 22:11) ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും(വെളിപ്പാട്3:20) ഇവിടെ ഇതാ ദൂത് വ്യക്തിപരമാക്കിയിരിക്കുന്നു. എന്താണിതിന്റെ അർത്ഥം? കൂട്ടമായുള്ള ഒരു ഉണർവ്വിനും, വിശുദ്ധീകരണത്തിനും വേണ്ടി ദൈവമക്കൾ കാത്തിരിക്കേണ്ടതില്ല. വ്യക്തികൾ ഓരോരുത്തരായി ദൈവസന്നിധിയിൽ സമർപ്പിക്കട്ടെ. ദൈവത്തിന്റെ ആത്മാവ് പൊതുസഭയോടുള്ള ഇടപെടൽ അവസാനിപ്പിച്ച് വ്യക്തികളിലേക്ക് തിരിഞ്ഞിരിക്കുന്നു. ഈ ദുഷ്ടതയുള്ള ലോകത്തിൽ നിന്നും വരുവാനുള്ള കോപത്തിൽ നിന്നും വിടുതൽ ആഗ്രഹിക്കുന്ന ദൈവമക്കൾ സഭാനേതാക്കന്മാരെയും, നടത്തിപ്പുകാരെയും, ഉണർവ്വ് പ്രസംഗകരെയും നോക്കി നിന്ന് സമയം നഷ്ടമാക്കാതെ ലക്ഷ്യത്തിലേക്ക് കുതിക്കട്ടെ. വ്യക്തികൾ ഓരോരുത്തരായി വിശുദ്ധി ഏറ്റെടുക്കട്ടെ. കാരണം ഇത് നോഹയുടെ കാലം പോലൊരു കാലമാണ്. ന്യായവിധിയുടെ വെള്ളം ഇതാ ഇങ്ങ് ഇരമ്പി എത്താറായി. കാതോർക്കൂ.നിങ്ങൾക്കിതിന്റെ ഇരമ്പൽ ഇപ്പോൾത്തന്നെ കേൾക്കാം.

തുടർച്ച 01 പേജ്

കുടുംബാംഗങ്ങളുടെ മുന്നിൽവെച്ചാണ് ഈ ക്രൂരത നടന്നതെന്നും അദ്ദേഹം വെളിപ്പെടുത്തി. ഇക്കാര്യം ടോഡ് സ്റ്റാർണസിന്റെ പോഡ്കാസ്റ്റുള്ള വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് എങ്ങനെയാണ് അറിഞ്ഞത് എന്ന അവതാരകന്റെ ചോദ്യത്തിന് തനിക്ക് അവിടെ സേവനം ചെയ്യുന്ന ചിലരുമായുള്ള ബന്ധത്തലൂടെയാണ് ഇക്കാര്യങ്ങൾ അറിഞ്ഞതെന്നും എല്ലാ വിശദാംശങ്ങളും വെളിപ്പെടുത്താൻ പറ്റില്ലെന്നുമായിരുന്നു പ്രതികരണം.

അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കാൻ സമയം നീക്കിവെക്കണമെന്നും ലോകമെമ്പാടുമുള്ള വിശ്വാസസമൂഹത്തോട് മാർക്ക് വാക്കർ അഭ്യർത്ഥിച്ചു. അഫ്ഗാനിസ്ഥാനിൽ താലിബാൻ തീവ്രവാദികൾ ക്രൈസ്തവരുടെ ഭവനങ്ങൾ കയറിയിറങ്ങി പരിശോധന നടത്തുന്നതായുള്ള റിപ്പോർട്ട് നേരത്തെ പുറത്തുവന്നിരുന്നു.

തുടർച്ച 01 പേജ്

ക്രിമിനൽ കുറ്റമായി കണക്കാക്കുന്നത് സംബന്ധിച്ച നിയമനിർദ്ദേശത്തെ കുറിച്ചുള്ള വാർത്തത്സമയം സംപ്രേക്ഷണം ചെയ്യുന്നതിനിടെയാണ് പൈശാചിക ആരാധനയുടെ വീഡിയോ ദൃശ്യങ്ങൾ ടിവിയിൽ പ്രത്യക്ഷപ്പെട്ടത്.

ഒരു കെട്ടിടത്തിന് പുറത്ത് സൂട്ട് ധരിട്ട് കുറച്ച് പേർ ചർച്ച ചെയ്യുന്ന രംഗം കാണിച്ചാണ് വാർത്ത ആരംഭിക്കുന്നത്. ആളുകൾ പുതിയ നിയമ നിർദ്ദേശത്തെ കുറിച്ച് ചർച്ച ചെയ്യുന്നു എന്ന് തോന്നിക്കുന്ന തരത്തിലുള്ള ദൃശ്യങ്ങളാണിത്. എന്നാൽ പെട്ടെന്ന് മുന്നറിയിപ്പൊന്നുമില്ലാതെ സാത്താൻ സേവയുടെ ദൃശ്യങ്ങൾ സ്ക്രീനിൽ പ്രത്യക്ഷപ്പെടുകയായിരുന്നു. മൂന്നു പേരാണ് ദൃശ്യങ്ങളിൽ ഉണ്ടായിരുന്നത്.




theendtimenews.com

Available on the iPhone App Store
ANDROID APP ON Google play

# ഹ്യൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ് രജത ജൂബിലി നിറവിൽ

ഹ്യൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ്പ് 25 വർഷം പിന്നിടുകയാണ്. സിൽവർ ജൂബിലിയുടെ ഭാഗമായി 2022 മാർച്ച് 11,12 എന്നീ തീയതികളിൽ കൺവൻഷനും പൊതുസമ്മേളനവും നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. മാർച്ച് 11 വെള്ളിയാഴ്ച വൈകിട്ട് നടക്കുന്ന ആത്മീയസമ്മേളനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. 12 ശനിയാഴ്ച നടത്തുന്ന പൊതുസമ്മേളനത്തിൽ രാഷ്ട്രീയ, സാംസ്കാരിക,സാമൂഹ്യ പ്രവർത്തകർ പങ്കെടുക്കുന്നതായിരിക്കും. ഹ്യൂസ്റ്റണിലും സമീപ പ്രദേശങ്ങളിലും ഉപദേശ ഐക്യമുള്ള 16 പെന്തക്കോസ്ത് സഭകളുടെ ഐക്യ കൂട്ടായ്മയാണ് എച്ച്പിഎഫ്. പൊതു കൺവൻഷനുകൾ പാസ്റ്റേഴ്സ് മീറ്റിംഗുകൾ,സെമിനാറുകൾ,സഹോദരിമാരുടെ സമ്മേളനങ്ങൾ യുവജന സമ്മേളനങ്ങൾ തുടങ്ങിയവ നടത്തി വരുന്നു. ഇന്ത്യയിലും,അമേരിക്കയിലും ഉള്ള പ്രേഷിത, ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാണ് ഈ സംഘടന. സിൽവർ ജൂബിലി സമ്മേളനത്തിന്റെയും പ്രവർത്തനങ്ങളുടേയും ഭാഗമായി വിപുലമായ കമ്മറ്റിയെ തിരഞ്ഞെടുക്കുകയുണ്ടായി. ചെയർമാൻ-പാസ്റ്റർ എബ്രഹാം ചാക്കോ, വൈസ് ചെയർമാൻ-പാസ്റ്റർ ചാക്കോ പുലിയമ്പള്ളിൽ, സെക്രട്ടറി-തോമസ് വർഗീസ്,

ട്രഷറർ-പാസ്റ്റർ ജോൺ ഐസക്, ജനറൽ കൺവീനർ-റ്റിജു തോമസ്, ചാരിറ്റി കോർഡിനേറ്റർസ്-ബൈജു കുര്യാക്കോസ്,അലൻ ജയിംസ്, വർഷിപ്പ് കോർഡിനേറ്റർസ്-പാസ്റ്റർ സിബിൻ അലക്സ്,പാസ്റ്റർ ബൈജു തോമസ്,പാസ്റ്റർ റോയ്മോൻ കോശി, മീഡിയ-സ്റ്റീഫൻ സാമുവേൽ എന്നിവർ പ്രവർത്തിക്കുന്നതായിരിക്കും.

സിൽവർ ജൂബിലിയുടെ ഭാഗമായി എച്ച് പി എഫിന്റെ ആരംഭം, വളർച്ച,ആത്മീക, സാഹിത്യ ലേഖനങ്ങൾ,ആശംസകൾ തുടങ്ങിയവ ഉൾപ്പെടുത്തി മനോഹരമായ ഒരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ തീരുമാനമുണ്ടായി. സുവനീറിന്റെ ജനറൽ എഡിറ്റർ- പാസ്റ്റർ എബ്രഹാം ചാക്കോ, ചീഫ് എഡിറ്റർ-ജോസഫ് കുര്യൻ, മാനേജിങ് എഡിറ്റർ-പാസ്റ്റർ സണ്ണി താഴംപള്ളം, പബ്ലിഷർ -ജോഷിൻ ഡാനിയേൽ, അസോസിയേറ്റ് എഡിറ്റേഴ്സ്-പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ,ജോയ് തുമ്പമൺ,ഡോ.ജോളി ജോസഫ്,നോയൽ കെ ഈപ്പൻ,വിൽസൺ മാത്യു,എൽസമ്മ ഐസക്, എന്നിവരും റിസോഴ്സ് മൊബൈലൈസേഷനു വേണ്ടി വെസ്ലി ആലുംമൂട്ടിലിനെയും തിരഞ്ഞെടുത്തു.

25 വർഷത്തെ ചരിത്രം തുടിക്കുന്ന ഈ സ്മരണികയിലേക്ക് ലേഖനങ്ങൾ,കഥകൾ,കവിതകൾ, കാർട്ടൂൺ തുടങ്ങിയ ആത്മീക കൃതികൾ ഒരു പേജിൽ കവിയാത്തത് ക്ഷണിച്ചുകൊള്ളുന്നു. കൂടാതെ പരസ്യങ്ങൾ , ആശംസകൾ,ലേഖനങ്ങൾ തുടങ്ങിയവ സമർപ്പിക്കുവാനുള്ള അവസാന തീയതി സെപ്റ്റംബർ 30 ആയിരിക്കും. hpfeditorial@gmail.com എന്ന ഇമെയിലിൽ ദയവായി അയക്കുക. വിപുലമായ ക്രമീകരണങ്ങളുടെ പ്രവർത്തിക്കുന്ന ഹ്യൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ്പ് ജീവകാരുണ്യ പ്രവർത്തനങ്ങൾ വലിയ തോതിൽ ഈ വർഷം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

തുടർച്ച 01 പേജ്

റിപ്പോർട്ട്. തീവെയ്പ്പ്,വിശുദ്ധരുടെ രൂപങ്ങൾ തകർക്കൽ,ദേവാലയ ഭിത്തികൾ ചുവരെഴുത്തുകളാൽ വികൃതമാക്കൽ, ജനലുകളുടെ ചില്ലുകൾ തകർക്കൽ തുടങ്ങിയ വിവിധ തരത്തിലുള്ള ആക്രമണങ്ങൾക്ക് പുറമേ, വൈദീകർക്കെതിരെയുള്ള വധശ്രമങ്ങളും അരങ്ങേറിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

റിപ്പോർട്ട് പുറത്തുവന്ന് 3 ദിവസങ്ങൾക്കുള്ളിൽ 2 സംഭവങ്ങൾ കൂടി ഉണ്ടായി. ഇക്കഴിഞ്ഞ മാർച്ചിൽ മിസ്സൗറിയിലെ ബെനഡിക്ടൻ കോൺവെന്റ് പരിസരത്ത് ഉണ്ടായ വെടിവെപ്പിൽ കോൺവെന്റിന്റെ സുപ്പീരിയറിന്റെ കിടപ്പുമുറിയുടെ ഭിത്തിയിൽ വെടിയുണ്ടയുടെ പാടുകളും കണ്ടെത്തുകയുണ്ടായി. വാഷിംഗ്ടൺ ഡിസിയുടെ ഇടവക സ്കൂൾ കെട്ടിടം അഗ്നിക്കിരയാക്കി. ഭാഗ്യവശാൽ ഇവിടെയുണ്ടായിരുന്ന വൈദീകന് തന്റെ ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞു. കാലിഫോർണിയയിലെ 249 വർഷം പഴക്കമുള്ള മിഷൻ ദേവാലയവും സമാനമായ ആക്രമണത്തിനിരയായി.

04-ാം പേജ് തുടർച്ച

ചർച്ചിന്റെ ഗ്രാൻഡ് സാങ്ചറിയിൽ സംസ്കാര ശുശ്രൂഷ നടക്കും. കൊറിയൻ ഫെഡറേഷൻ ഓഫ് ചർച്ചുകളുടെ പ്രസിഡന്റുമാരായ ജാങ്ജോംഗ് ഹിയോൺ, ലീ ചിയോൾ, സോ കാങ്-സിയോക്ക് എന്നിവർ നേതൃത്വം നൽകും. പാസ്റ്റർ ജൻഗ്വാൻ കിം അനുസ്മരണ പ്രഭാഷണം നടത്തും. സംസ്കാര ചടങ്ങ് 18 ന് ഒസാൻ-റിയിലെ ചോയാജ്സിൽ ഇന്റർനാഷണൽ പ്രാർത്ഥനാ മലയിലെ സെമിത്തേരിയിൽ നടക്കും.

പാസ്റ്റർ യോംഗി ചോ 2008 ൽ കേരളത്തിൽ സന്ദർശനം നടത്തി. കോട്ടയത്തു നടന്ന ദേശീയ പെന്തക്കോസ്തു സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. അതോടനുബന്ധിച്ച് ഹല്ലേലൂയ പത്രാധിപർ സാംകുട്ടി ചാക്കോ നിലമ്പൂർ എഴുതിയ ചോയുടെ ജീവചരിത്ര ഗ്രന്ഥം ഇതിനകം പതിനായിരത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞിട്ടുണ്ട്. വിശ്വാസസമൂഹത്തിൽ ഇത്രയധികം കോപ്പികൾ ചിലവായ മറ്റൊരു ജീവചരിത്ര ഗ്രന്ഥമില്ല.

12-ാം പേജ് തുടർച്ച

എന്ന് യേശു അരുളിച്ചെയ്തു. യേശുവിൽ താഴ്മയും സൗമ്യതയും ഒരുപോലെ വിളങ്ങിയിരുന്നു. അന്ത്യകാലത്ത് ദൈവം ശേഷിപ്പിക്കുന്നത് താഴ്മയും സൗമ്യതയും ഉള്ള ജനത്തെ ആയിരിക്കും.(സെഫ3:12)

താഴ്മയുള്ളവർ ദൈവാത്മാവ് ബോധ്യപ്പെടുത്തുമ്പോൾ തെറ്റ് സമ്മതിക്കും. അനുതപിച്ച് അവയെ ഏറ്റു പറയും. അവർ ശൗലിനെ പോലെയും ഗേഹസിയെ പോലെയും ന്യായവാദം നടത്താതെ ദാവീദിനെപ്പോലെയും പത്രോസിനെപ്പോലെയും ദൈവകരുണയ്ക്കായി അതിദുഖത്തോടെ കരയും.

താഴ്മയില്ലാത്തവർ പ്രോഗ്രാമുകളുടെ തിരക്ക് മറ്റുള്ളവരെ അറിയിക്കുവാൻ വെമ്പൽ കാണിച്ചുകൊണ്ടിരിക്കും. താഴ്മയുള്ളവർ വേഷം കെട്ടുന്നില്ല. താഴ്മയുള്ളവർ ബോദ്ധ്യമായ എല്ലാ കപടതകളോടും വിടപറയും; പ്രദർശനത്തിനായി അവർ ആത്മീയ കാര്യങ്ങൾ ചെയ്യുന്നില്ല.

യേശുവിനെ നോക്കിയിരുന്നുവെങ്കിൽ

സഭകളിലും ആത്മീക കൂട്ടായ്മകളിലും നിരന്തരം ഉണ്ടാകുന്ന തർക്കവും വാദവും കലഹവും എവിടെ നിന്ന്? താഴ്മയുടെ അഭാവവും നിഗളത്തിന്റെ ബഹുത്വവുമല്ലേ അത് സൂചിപ്പിക്കുന്നത്? തങ്ങളിൽ ആരാണ് വലിയവൻ എന്ന വിവാദം ശിഷ്യന്മാരുടെ ഇടയിൽ ഉടലെടുത്തു. ഇന്ന് ആത്മീക മണ്ഡലത്തിൽ, പൊങ്ങച്ചഭാവം വർദ്ധിച്ചു വേറൊരാളുടെ ശുശ്രൂഷയെക്കാൾ തന്റെ ശുശ്രൂഷയാണ് മെച്ചമെന്നുമുള്ള മിഥ്യാചിന്തയാൽ അനേകർ ഗ്രസിക്കപ്പെടുന്നു.

12 ശിഷ്യന്മാരിൽ ഓരോരുത്തനും താനാണ് വലയവനെന്ന് വാദിക്കുവാൻ തങ്ങളുടേതായ ന്യായങ്ങളുണ്ട്. അവർ അന്യോന്യം നോക്കിയിട്ടാണ് ഞാൻ വലിയവൻ എന്ന് അവരിൽ ഓരോരുത്തനു തോന്നിയത്. അടുത്തുനിന്ന യേശുവിനെ അവർ നോക്കിയില്ല. യേശുവിനെ അവർ നോക്കിയിരുന്നുവെങ്കിൽ ഓരോരുത്തനും പറഞ്ഞേനെ: ഞാൻ എത്ര ചെറിയവൻ, ഞാൻ എത്രയധികം പാപിയിരുന്നു, ഓ, കർത്താവെ, നീ എത്ര വലിയവൻ.

സ്നേഹിതാ, നീ ആരെയാണ് നോക്കുന്നത്. സഹവിശ്വാസികളെയോ സഹശുശ്രൂഷകരെയോ? അതോ കർത്താവിനെയോ?

ഉയർച്ച നിന്നെ തേടി എത്തും

താഴ്മയുള്ളവർക്ക് ഉയർച്ച ഉണ്ടാകും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടുമെന്ന് യേശു പറഞ്ഞു(ലൂക്കോസ്18:14). യേശു തന്നെത്താൻ താഴ്ത്തി. ദൈവസമത്വം വിട്ട് മനുഷ്യനായി പിറന്നു. പിന്നെയും വിനയപ്പെട്ട് ദാസനായി. വീണ്ടും താഴ്മ ധരിച്ച് ക്രൂശിൽ മരണം സ്വീകരിച്ചു. അതുകൊണ്ട് ദൈവം അവനെ ഉയർത്തി അതുകൊണ്ട് എന്ന് പൗലോസ് ഉപയോഗിച്ചിരിക്കുന്നത് നമ്മെഒരു വലിയ പാഠം പഠിപ്പിക്കുന്നു(ഫിലിപ്പിയർ2:9). യേശു ഏറ്റവുമധികം താഴ്മ സ്വീകരിച്ചതിനാൽ ഏറ്റവും ഉയർത്തപ്പെട്ടു. സകലനാമത്തിനും മേലായ നാമം ലഭിച്ചു. ഒരു വ്യക്തി ഉൾകൊള്ളുന്ന താഴ്മയുടെ അളവനുസരിച്ചായിരിക്കും ദൈവത്താൽ അവനു ലഭിക്കുന്ന ഉയർച്ചയും. നീ നിന്നെ വാലല്ല തല ആക്കും. തക്ക സമയത്ത് ദൈവം നിന്നെ ഉയർത്തേണ്ടതിനായി അവന്റെ ബലമുള്ള കൈക്കീഴിൽ താണിരിക്കുക.

താഴ്മയുള്ളവർക്ക് നിയോഗം ലഭിക്കും.

താഴ്മയുള്ളവർക്കായിരുന്നു ദൈവം കാലാകാലങ്ങളിൽ നിയോഗം നൽകിയിരുന്നത്. മോശെ തന്റെ സാമർത്ഥ്യത്തിന്റെ കാലത്ത് യിസ്രായേൽ ജനത്തിന്റെ വിടുതലിനായി ഇറങ്ങി. അവനു മറ്റൊരിടത്തേയ്ക്ക് ഓടി പോകേണ്ടി വന്നു. എന്നാൽ താൻ ഒന്നുമില്ലെന്നും ഒന്നുമല്ലെന്നും ഗ്രഹിച്ച നാളിൽ ദൈവം അവനെ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായും നായകനായും നിയമിച്ചു.

യിസ്രായേൽ മക്കളിൽ എല്ലാവരെയും വെച്ച് അധിക കോമളത്വമുള്ളവനായിരുന്നിട്ടും മറ്റുള്ളവരെക്കാൾ തോൾ മുതൽ പൊക്കമേറിയവനായിരുന്നിട്ടും മറ്റുള്ളവരെക്കാൾ തോൾ മുതൽ പൊക്കമേറിയവനായിരുന്നിട്ടും രാജാവാകാനുള്ള തന്റെ അപര്യാപ്തത ശൗൽ ഗ്രഹിച്ചിരുന്നു(1ശമു9:2, 10:22). അവന് ആദ്യത്തെ രാജാവായി അഭിഷേകം ലഭിച്ചത് തന്റെ ആ താഴ്മയുടെ സമയത്തായിരുന്നു എന്നു ള്ളത് ശ്രദ്ധേയമാണ്. ഒന്നിനും മുട്ടില്ല, ഞാൻ സമ്പന്നനാണ് എന്ന് ചിന്തിക്കുന്നവർക്ക് ദൈവത്തിൽ നിന്ന് ഒരു നിയോഗവും നിയമനവും ലഭിക്കുകയില്ല. അരിഷ്ടരും ദരിദ്രരും കുരുടരുമായി തുടരുവാൻ ദൈവം അവരെ വിട്ടേക്കും.

ക്രൈസ്തവമണ്ഡലത്തിലെ സർവ്വപ്രശസ്തമായ ഉയരത്തിലെത്തിയപ്പോഴും തനിക്കുള്ള അയോഗ്യതയെ കുറിച്ച് പൗലോസിന് ബോധ്യമുണ്ടായിരുന്നു. ആ പാപികളിൽ ഞാൻ ഒന്നാമൻ ആകുന്നു എന്ന വർത്തമാനകാല നിലവിളി പൗലോസിൽ നിന്ന് നിങ്ങൾ കേൾക്കുന്നില്ലേ? ദൈവം ആ താഴ്മയുള്ള വിജ്ഞാനിയായ മനുഷ്യനെ ഉപയോഗിച്ചതിൽ ഇനിയെന്തിന് ആശ്ചര്യം കുറയുന്നു. താഴ്മയും വിനയവും ഉള്ളവർക്ക് ദൈവം വീണ്ടും വീണ്ടും നിയോഗവും നിയമനവും നൽകും.

മാനുഷികഭയം താഴ്മയല്ല.

പാപത്തോട് പോരാടാതെയും പ്രലോഭനങ്ങളെ എതിർക്കാതെയും ഇരിക്കുന്നതല്ല താഴ്മ. ഒരു വശത്ത് യേശു താഴ്മയുടെ പ്രതീകമായ കുഞ്ഞാട്. മറുവശത്ത് പാപത്തിനു നേരെ കപടഭക്തിക്കുനേരെ, ദൈവീകതയെ തകർക്കുന്ന പാരമ്പര്യത്തിനു നേരെ, യേശു സിംഹമായിരുന്നു. മാനുഷിക ഭീതിയല്ല താഴ്മ. മാനുഷികഭയം ഒരു കെണിയാകുന്നുവെന്ന് ദൈവവചനം രേഖപ്പെടുത്തുന്നു.(സദൃ29:25). സ്വഭാവിക ഭയം കൊണ്ടും തെറ്റു പറ്റുമോ എന്നുള്ള ആശങ്കയാലും മറ്റുള്ളവരെ പേടിച്ചും ദൈവം ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്യാതെ മുമ്പോട്ടു പോകുന്നത് താഴ്മയല്ല. പിതാവ് ഏൽപ്പിച്ചിരുന്ന പ്രവൃത്തികൾ ചെയ്യുവാൻ യേശു ഒരിടത്തുപോലും ഭയം കാണിച്ചില്ല. അനാരോഗ്യകരമായ കുറ്റബോധവും താഴ്മയല്ല.

താഴ്മയുള്ളവർ പ്രദർശനത്തിനായ ആത്മീയശുശ്രൂഷകളെ ചെയ്യുന്നില്ല. പ്രാർത്ഥനയും ഉപവാസവും പ്രസംഗവും അത്ഭുതങ്ങളും രചനയും സേവനം ഒക്കെ മറ്റുള്ളവർ നമ്മെ അറിയുന്നതിനായി ചെയ്യുമ്പോൾ അത് നിഗളമാകുന്നു. കർത്താവിനെ മറ്റുള്ളവർ അറിയുവാനും അനുഭവിക്കുവാനുമായി അത് ചെയ്യുവാൻ താഴ്മ തടസ്സമാകുന്നില്ലതാനും. പ്രസിദ്ധനാകുവാൻ വേണ്ടി ആത്മീകകാര്യങ്ങൾ ചെയ്യരുത്. മറ്റുള്ളവർ അറിയുമല്ലോ എന്ന് വിചാരിച്ച് ആത്മീകമായവ ചെയ്യാതെ ഇരിക്കരുത്.

യേശു തെരുക്കളിൽ ശബ്ദം ഉണ്ടാക്കാതെയും വീഥികളിൽ ഒച്ച കേൾപ്പിക്കാതെയും പിതാവിന്റെ പ്രവൃത്തികൾ ചെയ്തു. അവിടെയും മറ്റിടത്തും ഞാൻ ഇങ്ങനെ ഇങ്ങനെ വീര്യപ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞ് യേശു ഇവിടെ ഒന്നും ചെയ്യാതിരുന്നില്ല.

താഴ്മയെ വർദ്ധിപ്പിക്കുവാൻ

ഉപവസിച്ച് പ്രാർത്ഥിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ സ്വയത്തെ താഴ്ത്തുവാൻ സഹായകരമാകും. തിരുവചനത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടുപ്രാവശ്യം അങ്ങനെ പറഞ്ഞിരിക്കുന്നു. തങ്ങളെത്തന്നെ താഴ്ത്തേണ്ടതിനായി എസ്രായും കൂട്ടരും ഉപവസിച്ചു(എസ്രാ8:21) ദാനിയേൽ ഉപവസിച്ചതും ദൈവസന്നിധിയിൽ തന്നെത്തന്നെ താഴ്ത്തുന്നവനാായിരുന്നു(ദാനി10:12). താഴ്മയോടുള്ള പ്രാർത്ഥയ്ക്കാണ് ഉത്തരം ലഭിക്കുന്നത്(2ദിന7:14) താഴ്മയുള്ളവരെ ദൈവം രക്ഷകൊണ്ട് അലങ്കരിക്കും. യെശയ്യാവിന്റെ പുസ്തകത്തിൽ യഹോവയെ നദിയോട് സാമ്യപ്പെടുത്തി പറഞ്ഞിരിക്കുന്നു. തണ്ടു വച്ച പടകും പ്രതാപമുള്ള കപ്പലും അതിൽ പ്രവേശിക്കുകയോ അതിലൂടെ കടന്നുപോകുകയോ ഇല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു(യെശയ്യാവ്33:21). താഴ്മയില്ലാത്തവർക്ക് ദൈവത്തിലേക്ക് പ്രവേശിക്കുവാനോ ദൈവീകതയിൽ മുന്നേറുവാനോ സാധിക്കയില്ലെന്ന് സ്പഷ്ടം.

നിഗളിച്ച ലൂസിഫർ പിശാചായി, നെബൂക്കദ്നേസർ കാളയ്ക്ക് സമാനമായി, ബേൽശസ്സർ കൊല്ലപ്പെട്ടു. കാലാകാലങ്ങളിൽ എത്രയോഭക്തർ നിഗളം മൂലം നിപതിച്ചു. ഇത്തരം മുന്നറിയിപ്പുകൾ മറക്കാതിരിക്കുന്നത് വിനയമുള്ളവരാകുവാൻ നമ്മെ സഹായിക്കും.

യേശുവിനെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്നുള്ള ബോധ്യവും (യോഹ15:5) എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നുവെന്ന നിർണയവും ശരിയായ താഴ്മ നമുക്ക് നൽകി തരുന്നു.

# യേശുവിലുള്ള വിശ്വാസം ഉപേക്ഷിക്കുക, അല്ലെങ്കിൽ നാടുവിടുക; മധ്യപ്രദേശിൽ ഭീഷണി നിരസിച്ച 11 ക്രൈസ്തവർക്ക് മർദ്ദനം

ഭോപ്പാൽ: മധ്യപ്രദേശിലെ അദ്നാധി എന്ന ഗ്രാമത്തിൽ ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കുവാൻ വിസമ്മതിച്ച 11 ക്രൈസ്തവർക്ക് മർദ്ദനമേറ്റു. ഗ്രാമത്തലവനോടൊപ്പം എത്തിയ 250 ഓളം ആളുകളാണ് ക്രൈസ്തവ വിശ്വാസികളെ ക്രിസ്തു വിശ്വാസം ഉപേക്ഷിക്കാത്തതിന്റെ പേരിൽ മർദ്ദിച്ചത്. സ്വാതന്ത്ര്യ ദിനമായ ആഗസ്റ്റ് 15 നാണ് ആക്രമണം നടന്നത്. ഇതിൽ 4 പേർ ആന്തരീകാവയവങ്ങൾക്ക് പരിക്കേറ്റ് ആശുപത്രിയിലാണ്. ആക്രമിക്കുവാൻ ആളുകളെ സജ്ജമാക്കിയതിനു ശേഷം ക്രൈസ്തവ വിശ്വാസികളെ ഗ്രാമത്തലവൻ അങ്ങോട്ട് വിളിച്ചുവരുത്തുകയായിരുന്നു. ഒന്നെങ്കിൽ യേശുവിലുള്ള വിശ്വാസം ഉപേക്ഷിക്കുക, അല്ലെങ്കിൽ നാടുവിടുക; എന്നീ 2 മാർഗ്ഗങ്ങളാണ് അവർക്ക് മുമ്പിൽ ഉണ്ടായിരുന്നത്. ക്രൈസ്തവർ ഇതിന് വിസമ്മതിച്ചപ്പോൾ കല്ലെറിയുവാൻ ആൾക്കൂട്ടം ആരംഭിക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ട്.

അതേസമയം ക്രൈസ്തവർ പോലീസിൽ പരാതി നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആരോപണം ശക്തമാണ്. ക്രൈസ്തവ വിരുദ്ധ ആക്രമണത്തെ ഗ്ലോബൽ കൗൺസിൽ ഓഫ് ഇന്ത്യൻസ് ക്രിസ്ത്യൻസ് സംഘടനയുടെ അധ്യക്ഷൻ സാജൻ കെ ജോർജ്ജ് അപലപിച്ചു. വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ ആക്രമിക്കപ്പെടുന്നത് ഏറെ ദു:ഖകരമായ കാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ക്രൈസ്തവർ രണ്ടാം നിര പൗരന്മാർ ആണോ എന്ന ചോദ്യം അദ്ദേഹം ഉയർത്തി.

മത സ്വാതന്ത്ര്യം ഭരണഘടന ഉറപ്പു നൽകുന്ന കാര്യമാണ്. എങ്ങനെയാണ് 2.5% മാത്രമുള്ള ക്രൈസ്തവർ ഒരു ഭീഷണിയായി മാറുന്നത്? ക്രൈസ്തവ വിശ്വാസികൾ ഭീഷണിക്കും, ആക്രമണത്തിനും ഇരയാകുന്നത് മനുഷ്യാവകാശ ലംഘനമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹിന്ദുത്വ തീവ്രവാദികൾ പെന്തക്കോസ്ത് പ്രാർത്ഥനാ സമ്മേളനത്തിൽ ഇരച്ചു കയറുന്ന വീഡിയോയും അദ്ദേഹം പങ്കുവെച്ചു.അദ്നാധി ഗ്രാമത്തിൽ കഴിയുന്ന 15 ക്രൈസ്തവ കുടുംബങ്ങളും 20 വർഷം മുമ്പ് ക്രൈസ്തവ വിശ്വാസം ജീവിച്ചവരാണ്. ആ സമയത്ത് ചെറിയ എതിർപ്പുകൾ ഉയർന്നിരുന്നുവെങ്കിലും ഇങ്ങനെ ഒരു ആക്രമണം ആദ്യമായാണ്.




THE ENDTIME NEWS



# സൂപ്പർ ബൗൾ ചാമ്പ്യനായ സ്റ്റീഫൻ വിസ്നെവ്സ്കി എൻ എഫ് എൽ നിന്ന് വിരമിച്ച് പാസ്റ്ററാവുന്നു



**വാഷിംഗ്ടൺ:** രണ്ട് തവണ സൂപ്പർ ബൗൾ ചാമ്പ്യനായ സ്റ്റീഫൻ വിസ്നെവ്സ്കി ഒരു പാസ്റ്ററാകാൻ എൻ എഫ് എല്ലിൽ നിന്നും വിരമിക്കുന്നതായി പ്രഖ്യാപിച്ചു. തന്റെ ടിറ്റർ പേജിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

എഫ് എല്ലിലെ 10 സീസണുകൾക്ക് ശേഷം ഞാൻ വിരമിക്കുന്നു. 32 കാരനായ വിസ്നെവ്സ്കി ഒരു വീഡിയോ പോസിറ്റിൽ പറഞ്ഞു. എനിക്ക് ഫുട്ബോൾ കളി ഇഷ്ടമാണ്, പക്ഷേ 10 വർഷത്തിനുശേഷം എന്റെ ശരീരവും മനസ്സും ഹൃദയവും എന്നോട് പറയുന്നു മുന്നോട്ട് പോകാൻ സമയമായി. ഞാൻ ഇനി ംന്തു ചെയ്യും? ഞാൻ ഒരു പാസ്റ്ററാകാൻ പോകുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും മികച്ച ഭാഗം യേശുക്രിസ്തുവുമായുള്ള എന്റെ ബന്ധമാണ്. ആളുകളെ ബൈബിൾ പഠിപ്പിക്കുകയും പങ്കിടുകയും ചെയ്യുന്നതിനേക്കാൾ മികച്ച ഒരു മുഴു സമയ ജോലി എനിക്ക് സങ്കൽപ്പിക്കാൻ കഴിയില്ല. മറ്റുള്ളവരോടുള്ള ക്രിസ്തുവിന്റെ സ്നേഹം അദ്ദേഹം തുടർന്നു.

അത്‌ലറ്റ് എഫ് എല്ലിൽ 11 സീസണുകൾ കളിക്കുകയും ഫിലഡൽഫിയ ഈഗിൾസ്, കൻസാസ് സിറ്റി ചിഫ്സ് എന്നിവരോടൊപ്പം സൂപ്പർ ബൗൾസ് നേടുകയും ചെയ്തു. 2011 മുതൽ 2020 വരെ നീളുന്ന തന്റെ കരിയറിൽ ഉടനീളം ഓക്ലൻഡ് റൈഡേഴ്സ്,ജാക്സൺ വില്ലെ ജാഗ്വാർസ്,പിറ്റ്സ്ബർഗ് സ്റ്റീലേഴ്സ് എന്നിവയ്ക്കായി വിസ്നെവ്സ്കി കളിച്ചു. ഒരു പ്രസ്താവനയിൽ പെൻസിൽവാനിയ സ്വദേശി സ്പോർട്സ് കളിക്കുന്നതിൽ തനിക്ക് ഏറ്റവും നഷ്ടമാകുന്നത് എന്താണെന്നു വിശദീകരിച്ചു.

തന്റെ ജീവചരിത്രത്തിൽ യേശുക്രിസ്തുവിന്റെ ശിഷ്യൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന വിസ്നെവ്സ്കി പലപ്പോഴും തന്റെ കായിക ജീവിതത്തിലുടനീളം വിശ്വാസത്തെ ഉയർത്തിക്കാട്ടി. ചെറുപ്രായം മുതൽ പള്ളിയിൽ പോകുമായിരുന്നുവെങ്കിലും ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഉണ്ടായ ഒരു വാഹനാപകടം ദൈവത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ നിർബന്ധിതനാകുന്നതു വരെ ക്രിസ്തുമതം തനിക്ക് ഒരു സാംസ്കാരിക അനുഭവമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ചിഫ്സ് 2020 സൂപ്പർ ബൗൾ വിജയത്തിന്ശേഷം സ്പോർട്സ് സ്പെക്ട്രത്തിനായുള്ള ഒരു അഭിമുഖത്തിൽ അതിലറ്റ് ക്രിസ്തുവിനോടുള്ള ശക്തമായ പ്രതിബന്ധത തുറന്നു പറഞ്ഞു. എൻ എഫ് എൽ 90 ലധികം തുടക്കങ്ങളും ഫിലാഡൽഫിയ ഈഗിൾസിനോടൊപ്പം ഒരു സൂപ്പർ ബൗൾ റിംഗും ഉൾപ്പെടുന്ന 7 വിജയകരമായ വർഷങ്ങൾക്ക് ശേഷം എന്റെ കരിയർ കുത്തനെ താഴേക്ക് തിരിഞ്ഞു. അദ്ദേഹം എഴുതി. 2018 ൽ ഞാൻ സീസണിൽ ബഞ്ച് ചെയ്യപ്പെട്ടു. വർഷാവസാനം ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. വീണ്ടും നിയമിച്ചു. തുടർന്ന് ഈ വർഷം പരിശീലന ക്യാമ്പിന്റെ അവസാനം ജോലിയിൽ നിന്ന് പിരിച്ചുവിട്ടു.2019 സീസണിലെ ആദ്യ അഞ്ച് ആഴ്ച ഞാൻ എഫ് എല്ലിൽ ഗെയിമുകൾ കാണാനായി എന്റെ സോഫയിൽ ചെലവഴിച്ചു. നിരാശപ്പെടുത്തുന്ന സമയമായിരുന്നു അത്. പക്ഷെ എന്നെ പരീക്ഷിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും അവനെ എങ്ങനെ നന്നായി പിന്തുടരാം എന്ന് എന്നെ പഠിപ്പിക്കുവാനും ദൈവം എന്നെ അനുവദിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു അദ്ദേഹം പറഞ്ഞു.

# ബീഹാറിൽ ക്രിസ്തീയ യുവാവിന് നേരെ ആസിഡ് ഒഴിച്ചു,ശരീരത്തിൽ 60% പൊള്ളലേറ്റു; ആക്രമണങ്ങൾ വർദ്ധിക്കുന്നതായി സഭാ പാസ്റ്റർ

പട്ന: ബീഹാറിൽ 16 കാരനായ നിതീഷ് കുമാറിന് ആസിഡ് ആക്രമണത്തിൽ 60% പൊള്ളലേറ്റതായി ഇന്റർനാഷണൽ ക്രിസ്തീയൻ കൺസേൺ അറിയിച്ചു. രാവിലെ 6:30 ന് നിതീഷ് മാർക്കറ്റിലേയ്ക്ക് പോകുമ്പോഴായിരുന്നു സംഭവം നടന്നതെന്ന് സഹോദരി രാജാദവാബി ഐസി ഐസിയോട് പറഞ്ഞു. നിതീഷിനെ അടുത്തുള്ള ക്ലിനിക്കിലേക്ക് കൊണ്ടുപോകുകയും പ്രാഥമിക ശുശ്രൂഷ നൽകുകയും ചെയ്തു.പട്നയിലെ പ്രത്യേക യൂണിറ്റിലേയ്ക്ക് അയച്ചു. ആക്രമണത്തിന്റെ കാര്യം വ്യക്തമല്ലെങ്കിലും ഇത് ഗ്രാമത്തിലെ ക്രിസ്തീയൻ വിരുദ്ധ പ്രവർത്തകരുടെ പ്രവർത്തിയാണെന്നാണ് ക്രിസ്തീയൻ സമൂഹം സംശയിക്കുന്നു. നീതിഷ്കുമാറും സഹോദരൻ സഞ്ജിത് കുമാറും സഭയിൽ സജീവമാണ് കൂടാതെ ദിവസേന പ്രാർത്ഥനാ യോഗങ്ങൾ നടത്തുന്നു. നിതീഷിന് ഈ സംഭവിച്ചത് വളരെ ക്രൂരമാണ്, ഈ മേഖലയിലെ ക്രിസ്തീയൻ സമൂഹത്തെ ഭയപ്പെടുത്തി. ജില്ലയിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചു വരികയാണ്.









App Store
Google play
THE ENDTIME NEWS






# വിനയം

എബ്രഹാം ജോർജ്ജ് വെണ്മണി

മനുഷ്യരിൽ നിന്ന്ദൈവം ആവശ്യപ്പെടുന്ന ഏറ്റവും വലിയ ഗുണം വിനയം ആണ്. വിനയത്തിന് വേദപുസ്തകം പൊതുവെ ഉപയോഗിച്ചിരിക്കുന്നത് താഴ്മ എന്ന പദമാണ്. ഒരുവന്റെ ആത്മീക ജീവിതത്തിന്റെയും ശുശ്രൂഷയുടെയും വളർച്ച അവന്റെ താഴ്മയ്ക്ക് അനുപാതികമായിരിക്കും. കർത്താവിൽ നിന്ന് ലഭിച്ചതല്ലാതെ ഒന്നുമില്ലെന്നുള്ള ബോധ്യമാണ് താഴ്മ.

ലോകത്തിന്റെ വിധിപ്രകാരം നമുക്ക് ലഭിക്കേണ്ട ആവകാശങ്ങൾ കർത്താവിനു വേണ്ടിഉപേക്ഷിക്കുന്നതാണ് താഴ്മ. സ്വന്ത ഇഷ്ടങ്ങളെ ശൂന്യവത്കരിച്ച് ദൈവയിഷ്ടം ചെയ്യുന്നതാണ് താഴ്മ. ദൈവാനുഗ്രഹങ്ങൾക്ക് സ്വതവേ യോഗ്യതയില്ലെന്ന് ഗ്രഹിക്കുകയും യേശുക്രിസ്തുവിന്റെ നീതിയിലാശ്രയിക്കുകയും ചെയ്യുന്നതത്രെ താഴ്മ.

മറ്റുള്ളവയും പുറകെ.

താഴ്മ ഉണ്ടെങ്കിൽ ബാക്കി എല്ലാ സ്വഭാവമഹികളും അതിനെ അനുധാവനം ചെയ്യും. വിശ്വാസവും വിശുദ്ധിയും വിടുതലും വിജയവുമൊക്കെ ലഭിക്കുന്നത് താഴ്മയുള്ളവർക്കാണ്. ജീവൻ പകരുന്ന ശുശ്രൂഷ ലഭിക്കുന്നതും വിനയമുള്ളവർക്കാണ്. താഴ്മ നഷ്ടപ്പെടുന്ന ഒരുവന് എല്ലാം നഷ്ടപ്പെടുകയാണ്.

വിനയമുള്ളവരെ തേടി മാനം എത്തും: മലമുകളിൽ നിന്ന് താഴ്വരകളിലേക്ക് നീർച്ചാലുകൾ ഒഴുകുന്നതുപോലെ വിനയമുള്ള ഹൃദയങ്ങളിലേക്ക് ദൈവീക നന്മയും ആത്മീക അനുഗ്രഹങ്ങളും ഒഴുകിയെത്തും. സ്വർഗ്ഗത്തിന്റെ ഉറവുകൾ തുറക്കപ്പെടുന്നത് താഴ്മയുള്ള മനസ്സുകൾക്ക് വേണ്ടിയാണ്.

താഴ്മയുള്ളവരിലേ ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്ഥിരമായി വസിക്കുകയുള്ളൂ. ഒരു ഭവനത്തിലെ സ്വീകരണമുറി വൃത്തികേടും അലങ്കോലമായി കിടക്കുകയാണെങ്കിൽ അവിടെ എത്തുന്ന അതിതികൾക്ക് അധികം നേരം ഇരിക്കുവാൻ തോന്നുകയില്ല. ആ ദുർഗന്ധം എത്രയും മുമ്പേ ഒഴിവാക്കുവാൻ അവർ ശ്രമിക്കും. ഇതുപോലെ താഴ്മയില്ലാത്തവരുടെ ഉള്ളിലും നിറഞ്ഞു നിൽക്കുന്നത് അഹങ്കാരത്തിന്റെ ദുർഗന്ധം തന്നെ. അവരിൽ ആത്മീകാനുഗ്രഹങ്ങളും ശുശ്രൂഷകളും ദീർഘനാളുകൾ വസിക്കുകയില്ല. പക്ഷി പറന്നകലുന്നതുപോലെ പരിശുദ്ധാത്മാവും അവരിൽ നിന്ന് അകലും.

നിഗളത്തിന്റെ ജന്മസ്ഥലം

താഴ്മ ഇല്ലാത്ത അവസ്ഥയാണ് നിഗളം. താഴ്മ കുറയുമ്പോൾ നിഗളം കൂടുന്നുവെന്നർത്ഥം. പ്രപഞ്ചത്തിലെ തന്നെ ആദ്യ പാപം നിഗളമാണ്(1തിമോഥിയോസ്3:6) ഏറ്റവും വലിയ മാലാഖയെ ഏറ്റവും വലിയ പാപിയും പാപത്തിന്റെ പ്രചാരകനും നിയന്ത്രിതാവും ആക്കിയത് അഹങ്കാരമാണ്. ലൂസിഫർ ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനും ആയിരുന്നു. ദൈവത്തോട് വളരെ അടുത്തവനും ആയിരുന്നു അവൻ.

ദൈവസൃഷ്ടികളിൽ വളരെ ഉയർന്നവൻ ഏറ്റവും നിപതിച്ച അവസ്ഥയിലായതും ദൈവത്തോട് വളരെ അടുത്തിരുന്നവൻ ഏറ്റവും അകന്നവനുമായത് നിഗളം

തുടർച്ച 12പേജ്ൽ

11-ാം പേജ് തുടർച്ച

നിമിത്തമായിരുന്നു. ലൂസിഫറിന്റെ നിഗളം, ജന്മം കൊണ്ടത് അവന്റെ ഹൃദയത്തിലായിരുന്നു. അവന്റെ അന്തർഭാഗമാണ് സാഹസം കൊണ്ട് നിറഞ്ഞത്(യെഹ28:12-17, യെശ14:12-15).

സകല പാപങ്ങളും ഒരുവനിൽ ഉടലെടുക്കുന്നത് ഹൃദയത്തിലാണ്. ഹൃദയത്തിൽ നിന്ന് പുറത്തുവരുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നതെന്ന് യേശു സ്പഷ്ടമായി പഠിപ്പിച്ചു(മർ7:20-23) സകല ജാഗ്രതയോടും നിന്റെ ഹൃദയത്തെ കാത്തുകൊൾക എന്ന് ദൈവവചനം കൽപ്പിക്കുന്നത് അതിനാലത്രെ(സദൃ4:23).

അതുകൊണ്ട് നിഗളത്തിന്റെയും പാപത്തിന്റെയും ജന്മസ്ഥലമായി ഏതു നിമിഷവും തീരുവാൻ സാധ്യതയുള്ള അകത്തെ മനുഷ്യനെ വചനത്താലും ആത്മാവിനാലും പുഷ്ടിപ്പെടുത്തികൊൾക. അന്തർഭാഗത്ത് താഴ്മ ഉണ്ടെങ്കിൽ പുറത്തേയ്ക്ക് വരുന്നത് മരണമായിരിക്കുകയില്ല, ജീവനായിരിക്കും.

ദൈവത്തിന്റെ ഏറ്റവും വലിയ സമ്മാനം.

സമ്മാനം സൗജന്യമാണ്. അത് തരുമ്പോൾ സ്വീകരിച്ചാൽ മതി. ദൈവം മാനവകുലത്തിന് നൽകിയ ഏറ്റവും വലിയ മൂന്ന് സമ്മാനങ്ങൾ യേശുക്രിസ്തുവും പരിശുദ്ധാത്മാവും വേദപുസ്തകവും ആണ്. ദൈവത്തിന്റെ ഈ സമ്മാനങ്ങൾ മനുഷ്യർ സ്വീകരിക്കുമ്പോഴാണ് അവർ ദൈവമക്കളാകുന്നത്.

ദൈവം തന്റെ മക്കൾക്കും ദാസന്മാർക്കും നൽകുന്ന സമുന്നതമായ സമ്മാനം തന്റെ കൃപയാണ്. കൃപയ്ക്കുള്ളിൽ സകലവും ഉണ്ട്. നമ്മെ കുറിച്ചുള്ള ദൈവഹിതം സമ്പൂർണ്ണമായി നിവർത്തിക്കപ്പെടുവാനുള്ള സകലവും കൃപയിലുണ്ട്. പരീക്ഷകളിൽ ജയിക്കുവാൻ വേണ്ടത് കൃപയാണ്. പ്രലോഭനങ്ങളെ തോൽപ്പിക്കുവാൻ വേണ്ടത് കൃപയാണ്.ക്രിസ്തുവിനോട് അനുരൂപപ്പെടുവാൻ വേണ്ടത് കൃപയാണ്. ദൈവഇഷ്ടം ചെയ്യുവാനാവശ്യമായത് കൃപയാണ്. നല്ല പ്രസംഗം നടത്തുവാൻ വേണ്ടിയത് കൃപയാണ്. മഹത്വവും ശക്തിയും നിറഞ്ഞ ശുശ്രൂഷ സാദ്ധ്യമാകുന്നതും കൃപയാലത്രെ. തളർന്നുപോകാതിരിക്കുവാൻ വേണ്ടത് കൃപ. പ്രാർത്ഥിക്കുവാൻ വേണ്ടിയതും കൃപ. ചുരുക്കി പറഞ്ഞാൽ വിജയകരമായ ജീവിതത്തിനും ശുശ്രൂഷയ്ക്കും ഏറ്റവും അനിവാര്യമായ ഘടകം ദൈവകൃപയാണ്. അത് ലഭിക്കുന്നതാകട്ടെ താഴ്മയുള്ളവർക്കും(1പത്രോ5:5)

ദൂരദേശത്തേയ്ക്ക് യാത്രയാകുന്നവരുടെ ബാഗിൽ ആവശ്യത്തിനുള്ള പണവും വസ്ത്രവും ഭക്ഷസാധനങ്ങളും പുസ്തകങ്ങളും എല്ലാം കാണും. ആ ബാഗിൽ നിന്ന് അവർക്ക് യാത്രയിൽ ആവശ്യമായതൊക്കെ സമയാസമയങ്ങളിൽ എടുക്കാം. സകലത്തിലും മതിയായ ഉപയുക്തമായ ദൈവത്തിന്റെ സമ്മാന ബാഗാണ് കൃപ. താഴ്മയുണ്ടെങ്കിൽ നിനക്ക് അത് ലഭിച്ചുകൊണ്ടിരിക്കും.

ദൈവത്തെ കൂടാതെ ജീവിക്കുന്നവർ

ദൈവം ഏറ്റവും അധികം വെറുക്കുന്ന പാപം നിഗളമാണ്. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു(യാക്കോബ്4:6, 1പത്രോ5:5). തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിച്ചുകളയും. ഗർവ്വം നിങ്ങളുടെ മനസ്സിൽ സ്ഥാനം പിടിച്ചിട്ടുണ്ടോ വീഴ്ച പുറകെ വരുന്നുണ്ടെന്ന് ഉറപ്പാക്കാം.

ദൈവം ഇല്ലെന്ന് വിശ്വസിക്കുന്നവരുമുണ്ട്. അവർ നിരീശ്വരവാദികൾ എന്നറിയപ്പെടുന്നു. അവർ മൂഢന്മാരാണെന്ന് ബൈബിൾ പറയുന്നു. എന്നാൽ പിശാച് ഒരു നിരീശ്വരവാദിയല്ല. ദൈവം ഉണ്ടെന്ന് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നവനാണ് പിശാച്( യാക്കോ2:19). ഇത്തരത്തിൽ ദൈവം ഉണ്ടെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ ദൈവത്തെകൂടാതെ ജീവിക്കുന്നവർ വളരെയുണ്ട്. അവരാണ് നിഗളികൾ. പിശാചാണ് അവരുടെ നായകൻ ദൈവമുണ്ടെന്ന് അവർക്ക് അറിയാമെങ്കിലും അവർ ദൈവത്തിൽ ആശ്രയിക്കുന്നില്ല. പല ക്രിസ്ത്യാനികളും ദൈവത്തെ കൂടാതെ ജീവിക്കുന്നവരാണ്. അവർ നിഗളികളാണെന്ന് ഇനിയിപ്പോൾ എടുത്ത് പറയേണ്ടതില്ലല്ലോ.

ഇപ്പോൾമനസ്സിലായില്ലേ, ദൈവം എന്തുകൊണ്ട് നിഗളികളോട് എതിർത്തു നിൽക്കുന്നുവെന്ന് . ദൈവം ഉണ്ടെന്ന് അറിഞ്ഞിട്ടും ദൈവത്തിന്റെ കൃപകളെ സംബന്ധിച്ച് ഗ്രഹിച്ചിട്ടും അവനിലോ അവന്റെ കൃപാബഹുത്വത്തിലോ അവർ ആശ്രയിക്കുന്നില്ല എന്നതു തന്നെ.

ജീവിതത്തിന്റെയും ശുശ്രൂഷയുടെയും വിജയത്തിനായി ദൈവത്തിലാശ്രയിക്കാതെ സ്വയത്തിലും മറ്റിതര വഴികളിലും ശരണപ്പെടുന്നവർ നിഗളത്തിലേക്ക് നീങ്ങുന്നുവെന്ന് അറിഞ്ഞുകൊൾവിൻ. ദൈവത്തെ കൂടാതെ അവർ ചെയ്യുന്നതിനെ അവിടുന്ന് വെറുക്കുന്നു. ദൈവത്തെ ഒഴിവാക്കി ജീവിക്കുവാൻ പരിശ്രമിക്കുന്ന നിഗളികളോട് കൂടെ ദൈവം വസിക്കുന്നില്ല. മറിച്ച് താഴ്മയും വിനയവും ഉള്ളവരോടുകൂടെ ദൈവം വസിക്കുന്നില്ല. മറിച്ച് താഴ്മയും വിനയവും ഉള്ളവരോട് കൂടെ അവൻ വസിക്കുന്നു.

താഴ്മയുള്ളവരുടെ അടയാളങ്ങൾ

തങ്ങളുടെ ദരിദ്രാവസ്ഥ മനസ്സിലാക്കുന്നതാണ് താഴ്മ. ദൈവത്തെ പ്രസാദിപ്പിക്കുവാനും ദൈവവചനം വിശ്വസിക്കുവാനും ആത്മീക ശുശ്രൂഷകൾ നിറവേറ്റുവാനും തങ്ങളുടെ മാനുഷിക കഴിവുകൾ കൊണ്ടും ബുദ്ധികൊണ്ടും കഴിയുകയില്ലെന്ന് ഗ്രഹിക്കുന്നവർ ഭാഗ്യവാന്മാരത്രെ. എന്തെന്നാൽ അവർ ദൈവത്തിൽ ആശ്രയിക്കും. താഴ്മയുള്ളവനെ തിരിച്ചറിയാനുള്ള അടയാളം തന്നെ അവന്റെ ദൈവാശ്രയമാണ്. അവർ ആത്മീക ദരിദ്രരാകയാലും തങ്ങളുടെ അപര്യാപ്തത ഗ്രഹിച്ചവരാകയാലും ദൈവത്തോട് ചോദിക്കും. കൂടുതൽ താഴ്മയുള്ളവൻ കൂടുതൽ പ്രാർത്ഥിക്കുന്നവനായിരിക്കും. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ പ്രാർത്ഥനയ്ക്കായി വളരെ സമയം ചെലവഴിച്ചത് തന്റെ താഴ്മയെവെളിവാക്കുന്നു. താഴ്മയുള്ളവൻ ദൈവത്തിൽ നിരന്തരം ശരണം കൊള്ളുന്നതിനാൽ കർത്താവ് തന്റെ ശക്തിയാൽ അവനെ നിറയ്ക്കും.

താഴ്മയുള്ളവർ അനുസരണമുള്ളവരായിരിക്കും. അഹങ്കാരമുള്ളവർ യോനയെപ്പോലെ ദൈവത്തോട് മത്സരിക്കുകയും ദൈവവ്യവസ്ഥയോട് മറുതലിക്കുകയും ചെയ്യും. യേശു തന്റെ പിതാവിനെ സകലത്തിലും അനുസരിച്ചതിന്റെ കാരണം അവിടുത്തെ താഴ്മ ആയിരുന്നു. അവൻ താഴ്മ ധരിച്ച് ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു എന്ന് ഫിലിപ്യലേഖനത്തിൽ നാം വായിക്കുന്നു.

താഴ്മയുള്ളവർക്ക് സൗമ്യതയും ഉണ്ടായിരിക്കും. താഴ്മയും സൗമ്യതയും ഒരു പക്ഷിയുടെ രണ്ട് ചിറകുകൾ പോലെയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയും ആണ്. ഞാൻ താഴ്മയും സൗമ്യതയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ

തുടർച്ച 08 പേജിൽ

Available on the iPhone App Store
ANDROID APP ON Google play




printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015